വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
ഫെബ്രുവരി 12


ദനഹാ ആറാം ഞായർ



# അവൻ വളരുകയും ഞാൻ കുറയുകയും വേണം

ഏശ 63:7-16, ഹെബ്രാ 8:1-6, യോഹ 3:22-31

ഈശോയുടെ പ്രേഷ്ഠ ശിഷ്യനായ യോഹന്നാൻ തന്റെ സുവിശേഷ രചനയുടെ ഉദ്ദേശ്യം വ്യക്തമാക്കുന്നത് ഇപ്രകാരമാണ്. 'ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവൻറെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് (20:30-31) ഈശോയുടെ വാക്കുകളും പ്രവർത്തികളുമാണ് ഈ സുവിശേഷത്തിന്റെ ഉള്ളടക്കം ഇവയുടെ ബാഹ്യമായ വിശദാംശങ്ങളിൽ തങ്ങിനിൽക്കാതെ ആന്തരാർത്ഥത്തിലേക്ക് യേശുവിൽ പൂർത്തിയായ രക്ഷാകര രഹസ്യം വെളിപ്പെടുത്താനാണ് ഗ്രന്ഥകർത്താവിന്റെ ശ്രമം. ഇക്കാരണത്താൽ വിശ്വാസത്തിന്റെ സുവിശേഷം എന്നും ജീവന്റെ സുവിശേഷം എന്നും യോഹന്നാന്റെ സുവിശേഷത്തെ വിശേഷിപ്പിക്കാറുണ്ട്. ഒന്നാം അധ്യായത്തിന്റെ ആരംഭത്തിലെ ആമുഖം അവസാനിപ്പിച്ച് യോഹന്നാൻ ശ്ലീഹ തന്റെ സുവിശേഷം തന്റെ ആരംഭിക്കുന്നത് സ്നാപക യോഹന്നാൻ ഈശോയെ കുറിച്ച് യഹൂദ ജനത്തിന് നൽകുന്ന സാക്ഷ്യത്തോടെയാണ് എന്നും നമുക്ക് കാണാം. (1:1928)

## സ്നാപകൻ എന്ന ഗസറ്റഡ് ഓഫീസർ

നാലു സുവിശേഷകരും ഏതാണ്ട് ഒരുപോലെ തന്നെയാണ് സ്നാപകനെ തങ്ങളുടെ സുവിശേഷങ്ങളിൽ അടയാളപ്പെടുത്തിയിട്ടുള്ളത്. പ്രവാചകരിൽ അവസാനത്തെ കണ്ണിയെന്ന് വിശേഷിപ്പിക്കുന്ന സ്നാപകൻ അന്ന് യഹൂദ ജനത്തിന്റെ ഇടയിൽ ഇടിമുഴക്കം കണക്കേ മാനസാന്തരത്തിന്റെ മുന്നറിയിപ്പ് നൽകി എന്നാണ് പറയപ്പെടുന്നത്. ഭരണാധികാരികളോടും ജനങ്ങളോടും ഒരുപോലെ പാപമോചനത്തിനുള്ള അനുതാപത്തിന്റെ അനുതാപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിക്കുകയും

ജലം കൊണ്ട് സ്നാനം നൽകുകയും ചെയ്തു. ഒരു മഹാ ഗുരുവെന്ന പരിവേഷത്തോടെയാണ് ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചത്. ജറുസലേമിലും യൂദയാ മുഴുവനായും




മരിയ റാൻസം

ജോർദ്ദാന്റെ പരിസര പ്രദേശങ്ങളിലും നിന്നുള്ള ജനം അവന്റെ അടുത്തെത്തി – വിശുദ്ധ നാട് സന്ദർശിച്ചവർ പറയുന്നു ചെറിയ ഭൂപ്രദേശമല്ല ഇത് .

അതിനാലാവാം ഈശോയെ ലോകത്തിന് മുൻപിൽ സാക്ഷ്യപ്പെടുത്താൻ ഏറ്റവും ഉത്തമനായ - അധികാരപ്പെട്ട - ഒരു ശ്രേഷ്ഠ വ്യക്തിയായി യോഹന്നാൻ ശ്ലീഹ സ്വീകരിക്കുന്നത്. 'ഇക്കാണും ആർപ്പുവിളികളൊന്നും എനിക്കുള്ളതല്ല' എന്ന് തിരിച്ചറിയുന്ന സ്നാപകനെ കുറിച്ചാണ് ഇന്നത്തെ വചന വായന .

## സ്നാപകന്റെ ശിഷ്യർ ഇന്നും പൊളിയാണ്

അരങ്ങിൽ നിന്ന് അരികിലേക്ക് പതിയെ നടന്ന് കളമൊഴിയുന്ന മനുഷ്യരെ കാണുമ്പോൾ ആദ്യം ഓർമ്മ വരുന്നത് സ്നാപകനെയാണ്.

കുറച്ച് ദിവസങ്ങൾക്ക് മുൻപ് വലിയ മുന്നൊരുക്കങ്ങൾ ഒന്നുമില്ലാതെ കുറച്ച് കൂട്ടുകാരുമൊത്ത് ഒരു യാത്ര പോയി. ടൂറ് പോകുന്നതിന്റെ ചട്ടപ്പടി കലാപരുപാടികൾ ഒന്നുമില്ലാത്ത ഒരു യാത്ര . കാഞ്ഞിരപ്പിളിയിൽ താമസ സ്ഥലത്ത് എത്തി ചായ കുടിക്കുന്നതിനിടയിൽ, കുറച്ച് ദൂരത്തേക്ക്

വിരൽ ചൂണ്ടി ആതിഥേയ റോൾ ഏറ്റെടുത്തവരിൽ ഒരാൾ പറഞ്ഞു, 'മുരിക്കൻ പിതാവ് താമസിക്കുന്നത് ആ കാണുന്ന കുന്നിന്റെ ' പിതാവിനെ ഒന്ന് കാണാൻ പറ്റുമോ എന്ന ചോദ്യത്തിന് അതിനെന്താ പോയേക്കാം എന്ന് മറുപടി. നടന്ന് കയറാവുന്ന കുന്നിന് മുകളിലായി ആസ്ബറ്റോസിട്ട രണ്ട് മുറി കെട്ടിടം. അവിടെ

ചൂളം കുത്തുന്ന കാറ്റ് വീശിയടിച്ച് പായുന്നുണ്ട്. രാവിലെ വിറകടുപ്പിൽ സ്വയം പാചകം ചെയ്യുന്ന കഞ്ഞി , കാണാൻ വരുന്നവർക്ക് കൂടെ പങ്കിട്ട് കുറച്ച് നേരം അവരോട് മിണ്ടിയും പറഞ്ഞും, കൃഷിയും നനയും പ്രാർത്ഥനയുമായി ആസ്വദിച്ച് ജീവിക്കുന്നു പിതാവ് . ഇരുട്ടത്ത് യാത്ര

പറയുമ്പോളുമ്പോൾ കാണാം, ഞങ്ങളിറങ്ങാൻ കാത്തു നിൽക്കുന്ന കുറച്ച് പേരെ പരിചയപ്പെട്ടു. കുറെ അധികം കിലോമീറ്റർ യാത്ര ചെയ്ത് പിതാവിനെ കാണാൻ എത്തിയ ചെറുപ്പക്കാരായ വൈദികരാണ്.

പിറ്റേന്ന് രാവിലെ കൂട്ടത്തിലുള്ള രണ്ട് പേർ വഴികാട്ടികളായി കുറച്ച് ദൂരം കൂടി യാത്ര ചെയ്ത് ഞങ്ങളൊരു മലഞ്ചെരുവിലെത്തി. പത്തു മിനിറ്റോളം കുത്തനെ മല കയറി എത്തിയത് ഒരു കുഞ്ഞു ഷെഡ്ഡിന് മുന്നിലേക്കായിരുന്നു. കഴിഞ്ഞ 27 വർഷമായി നാല് ചെറുപ്പക്കാർ ഈ കാടിന് നടുവിലെ വീട്ടിൽ താമസിക്കുന്നു . പരസ്പരം ബ്രദർ എന്ന് സംബോധന ചെയ്ത്, അവരിൽ ഒരാൾ കൊത്തിയുണ്ടാക്കിയ തൂങ്ങപ്പെട്ട രൂപത്തിന് മുന്നിൽ, മെഴുതിരി വെട്ടത്തിലിരുന്ന് വരുന്ന വരോടെല്ലാം സ്നേഹമെന്ന് പറയുന്നു. ആരെങ്കിലുമൊക്കെ അതിഥികളായി കാണും എന്ന് ഉറപ്പിച്ച് എന്നും രാവിലെ അരിയിട്ട് കഞ്ഞിവച്ച്, വരുന്നവർക്ക് ആതിഥേയനാകാവുന്ന അത്രയും കരുതലോടെ വിളമ്പി നൽകി, നട്ടുച്ചക്ക് പോലും തണുപ്പ് അരിച്ച് കയറുന്ന പാറക്കല്ലിൽ ചണച്ചാക്ക് വിരിച്ച് ഉറങ്ങുന്ന നാലുപേർ. സന്യാസമെന്ന പദം വലിയ ഭാരപ്പെടുത്തലാകുമെന്ന് പറഞ്ഞ് ജീവിതത്തെ വെറുതെ സ്നേഹം കൊണ്ട് ആഘോഷമാക്കുന്നവർ. സ്നാപകന്റെ പിൻഗാമികൾ (ശിഷ്യരല്ല) ഇന്നും പൊളിയാ. എന്നാൽ ഇന്നത്തെ വചനങ്ങളുടെ ആദ്യ ഭാഗത്ത് ശിഷ്യരെ കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഗുരുവിനോടുള്ള സ്നേഹ കൂടുതൽ കൊണ്ട് തന്നെയാവാം, അവർ അദ്ദേഹത്തോട് പറയുന്നു 'നിന്നാൽ സ്നാനമേറ്റവൻ മറ്റുള്ളവർക്ക് സ്നാനം നൽകുന്നു'. രണ്ടായിരം വർഷങ്ങൾക്ക് മുൻപും ശിഷ്യഗണമായ് കൂടെ ചേരുന്ന പലരുടെയും അടിസ്ഥാന പ്രശ്നം ഇതു തന്നെയാണ്. തന്റെ ജീവിതം ആരെ ആശ്രയിച്ചാണോ മുന്നോട്ട് പോകുന്നത് അവർക്ക് ഒരു എതിരാളി ഉണ്ടാവരുത്. ഗുരുവിന്റെ നിലനിൽപ്പ് എന്നതിനേക്കാൾ ശിഷ്യരുടെ കഞ്ഞി കുടിയാണ് അന്നും ഇന്നും ഗുരുഭക്തരുടെ മുന്നിലുള്ള വലിയ വെല്ലുവിളി.

## സ്നാപകന്റെ ദൗത്യം

ഒന്നാം അധ്യായത്തിലെ ഒരു വരി ഇപ്രകാരമാണ് 'ഞാൻ ക്രിസ്തുവല്ല, അവൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.(1:20) ഈശോയ്ക്ക് മുന്നേ അയയ്ക്കപ്പെട്ടവനാണ് താൻ എന്നും അവൻ വളരുകയും താൻ കുറയുകയും വേണം എന്നും സ്നാപകൻ ഇന്നത്തെ വചന ഭാഗത്ത് തന്റെ ശിഷ്യരോട് പറയുന്നു. മാനുഷിക പരിമിതികൾ കടന്ന് ദൈവീക പദ്ധതി മനസ്സിലാക്കാനും അത് കുറ്റമറ്റ വണ്ണം നടപ്പിലാക്കാനും അദ്ദേഹത്തിന് സാധിച്ചു. ലൂക്കാ സുവിശേഷത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു ശിശു വളരുന്നു ആത്മാവിൽ ശക്തിപ്പെട്ടു. ഇസ്രായേലിന് വെളിപ്പെടുന്നത് വരെ അവൻ മരുഭൂമിയിലായിരുന്നു.

ഈ വായന കൂടി ചേർത്ത് വായിച്ചാൽ നമ്മുക്ക് മനസ്സിലാകും. തപസ്സും പ്രാർത്ഥനയും വഴി ദൈവാത്മാവ് നിറഞ്ഞിടത്താണ് അയയ്ക്കപ്പെട്ടവനാണ് താനെന്ന ബോധ്യത്തിലേക്ക് സ്നാപകൻ എത്തുന്നത്. ചുമലിൽ ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളുടെ ദൈവീക ദിശ മനസ്സിലാക്കാൻ നമുക്കും ഈ പ്രാർത്ഥനയുടെ ചൂടും ഉപവാസത്തിന്റെ വെട്ടവും നിശ്ചയമായും ആവശ്യമുണ്ട്. ഇവയുടെ അഭാവത്തിലാണ് തമ്പുരാന്റെയും കൂടെയുള്ള മനുഷ്യരുടെയും പ്രതീക്ഷകൾ നമ്മൾ തല്ലി കെടുത്തി കൊണ്ടിരിക്കുന്നതെന്ന് തോന്നുന്നു.

## മിശിഹാ ഉന്നതങ്ങളിൽ നിന്നുള്ളവൻ

തുടർന്നുള്ള വായനയിൽ നമുക്ക് കാണാം. സ്വന്തം നിയോഗത്തെ അസന്നിഗ്ധമായി പ്രഖ്യാപിച്ച പോലെ തന്നെ ഈശോ സ്വർഗത്തിൽ നിന്നും അയക്കപ്പെട്ട മിശിഹായാണെന്നും സ്നാപകൻ പ്രസ്താവിക്കുന്നു.

നിലനിന്നിരുന്ന രാജവാഴ്ചയുടെ അധർമ്മങ്ങളോട് കലഹിക്കുന്നതിനൊപ്പം സത്യത്തെ പ്രഖ്യാപിക്കുകയും ചെയ്തു. യോഹന്നാൻ ശിഷ്യരോട് പ്രതിവചിക്കുന്നത് ഇപ്രകാരമാണ്. 'സ്വർഗ്ഗത്തിൽ നിന്ന് നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. ഞാൻ ക്രിസ്തുവല്ല, പ്രസ്തുത അവനു മുൻപേ അയക്കപ്പെട്ടവൻ ആണ് എന്ന് ഞാൻ പറഞ്ഞതിന് നിങ്ങൾ തന്നെ സാക്ഷികളാണ് . മണവാട്ടിയുള്ളവനാണ് മണവാളൻ അടുത്തുനിന്നും മണവാളനെ ശ്രദ്ധിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. ഇതുപോലെ എന്റെ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറെയും വേണം. സ്വർഗ്ഗത്തിൽ നിന്ന് വരുന്നവൻ എല്ലാവർക്കും ഉപരിയാണ്'. ഈശോയുടെ പരസ്യ ജീവിത ആരംഭത്തിന്റെ യഥാർത്ഥ വഴിയൊരുക്കൽ ആയ

പ്രഖ്യാപനങ്ങളാണ് ഈ വചനങ്ങൾ. യഹൂദ ജനം കാത്തിരുന്ന മിശിഹായെ കുറിച്ചുള്ള ഊഹാപോഹങ്ങൾക്കുള്ള ഉത്തരവും . നൂറ്റാണ്ടുകൾക്ക് ഇപ്പുറം നിന്ന് അവനിലുള്ള വിശ്വാസത്തെയും ഈ പ്രഖ്യാപനത്തെയും കുറിച്ച് ധ്യാനിക്കുമ്പോൾ പോലും കണ്ണ് നിറയുന്നുണ്ട്. യേശുവിലുള്ള വിശ്വാസത്തെ കുറിച്ചാണ് എല്ലാവരും പറയുന്നത് യേശുവിന്റെ വിശ്വാസം എന്തെന്നുള്ള അന്വേഷണമാണ് ശരിയായ ആത്മീയ പക്വത എന്ന് വായിച്ചതോർക്കുന്നു. ഉന്നതങ്ങളിൽ നിന്ന് അവൻ വന്നത് എന്തിനുവേണ്ടി ആയിരുന്നു എന്നതു പോലും മറക്കാൻ ശ്രമിക്കുന്ന കാലത്ത് ഒരു ഓർമ്മപ്പെടുത്തലാണ് ഇത്. പ്ലാവിന്റെ ചുവട്ടിൽ അവന്റെ പേര് പ്രിന്റ് ചെയ്ത പേപ്പർ കെട്ടിയ ശേഷം കിട്ടിയ ചക്കയുടെ പെരുപ്പവും, ഭൂമി കുലുങ്ങി മനുഷ്യര് ചതഞ്ഞ് അരഞ്ഞതിനിടയിൽ മാതാവിന്റെ മൺരൂപം പൊട്ടാതെ കാത്ത കൃത്യതയുടെ കഥയുമൊക്കെയുമായി നമ്മൾ ഇപ്പോഴും ഉന്നതങ്ങളിൽ നിന്നും വന്ന രക്ഷകനിലുള്ള വിശ്വാസം ആഘോഷിക്കുകയാണ്. ഇതിനൊക്കെ വേണ്ടിയാണ് ഒറ്റ മുറിവായി അവൻ കുരിശിൽ നിലവിളിച്ച് കടന്നുപോയത് എന്ന് കരുതുന്നത് എന്തൊരു കഷ്ടമാണ് ! ഇത്തരം വഴിയോര കച്ചവട സാധ്യതകളിൽ നിന്നാണ് ലോകത്തിന്റെ അതിരുകൾ വരെ പുതിയ രൂപതകൾ രൂപം കൊള്ളുന്നതും അധികാര വിധേയർ കസേരകളിൽ ആസനസ്ഥരാകുന്നതും.



ഈ മാമാങ്കങ്ങൾക്കിടയിൽ അവൻ ജീവിച്ച ഏറ്റവും അപകടം പിടിച്ച വിശ്വാസങ്ങളെല്ലാം മറന്നു പോയിരിക്കുന്നു. മനുഷ്യനു വേണ്ടി നടന്ന വിപ്ലവം ആയിരുന്നു അവന്റെ വിശ്വാസം. മതപരമായ ചില തൊങ്ങലുകളുടെ ആനുകൂല്യങ്ങൾ ഉണ്ടായിരുന്നിട്ടു പോലും

അധികാരങ്ങളുടെ വിനീത വിധേയനാകുവാൻ അവിടുന്ന് ആഗ്രഹിച്ചില്ല. മനുഷ്യൻ രൂപപ്പെടുത്തിയ കരുണയില്ലാത്ത - ദാർഷ്ട്യത്തിന്റെ - മനുഷ്യന് നുകമായി മാറിയ ചട്ടങ്ങളിലേക്ക് - നിയമങ്ങളിലേക്ക് - സ്നേഹം സന്നിവേശിപ്പിക്കുകയാണ് തന്റെ നിയോഗമെന്ന് ഈശോ വിശ്വസിച്ചു . ശാന്തമെന്ന് പുറമേ കരുതിയ സാമ്രാജ്യത്തിന്റെ അസ്വസ്ഥതകളിലേക്ക് സ്നേഹത്തിന്റെ വിത്തെറിഞ്ഞ് കഴുമരത്തിലേക്ക് നടന്നു കയറിയവനാണ് നസ്രായൻ. ആ മിശിഹായിലുള്ള വിശ്വാസം പ്രഖ്യാപിച്ച് സ്നാപകനും തിരഞ്ഞെടുത്തത്, അധികാരത്തിന് എതിരെ നടക്കുന്നവർക്ക് അവകാശമായ ധീര മരണത്തിലേക്കാണ്. സ്വാഭാവികമായും വന്ന് ചേരേണ്ട സ്ഥാനങ്ങളിൽ നിന്ന് തട്ടിതെറിപ്പിക്കുമെന്ന്

ഭൂമിയിലെ അധികാരികൾ വില പേശുന്നിടത്ത് തലകുനിക്കാതെ നിൽക്കുന്ന മനുഷ്യരിലും, ഞാൻ കടന്നു പോയാലും എന്റെ ദേശത്തിനുമേൽ മഴ പെയ്യുമെന്ന് പറഞ്ഞ വരികളിലുമെല്ലാം കാണാനാക്കുന്നത് - അവന്റെ വിശ്വാസത്തിന്റെ ഈർപ്പമുള്ള ഇതേ സുവിശേഷമാണ്.

കാര്യങ്ങളെല്ലാം ദൈവത്തിനും വിധിക്കും വിട്ടുകൊടുത്ത് ഒരു മൂലയ്ക്കിരിക്കുന്ന ശീലം രാജ്യത്ത് നിലനിന്നിരുന്ന ജാതിവ്യവസ്ഥ നമ്മുടെ ജനിതക വ്യവസ്ഥയിൽ പതിപ്പിച്ചു വെച്ചതാണ്. അത് അത്ര പെട്ടെന്നൊന്നും മാറുമെന്ന് കരുതാനാവില്ല. എല്ലാ നുകങ്ങളും എടുത്തു മാറ്റുന്നതാണ് ദൈവത്തിന് പ്രിയമുള്ള ആരാധനയെന്ന്

പ്രസംഗ പീഠങ്ങളിൽ ഉയരേണ്ടതുണ്ട്. മനുഷ്യരെ തലകുനിച്ചു നിൽക്കാൻ പ്രേരിപ്പിക്കുന്ന - അവന്റെ തോളെല്ല് പൊടിച്ചുകളയുന്ന നുകങ്ങൾ ഉള്ളിടത്തോളം കാലം തനിക്ക് ആരാധന പോലും ആവശ്യമില്ലെന്ന് പറയുന്ന ദൈവസങ്കൽപത്തിന്റെ പ്രതിനിധികളായ സ്നാപകർ ഇനിയും ഉണ്ടാവട്ടെ.

പ്രതിരോധം എന്നത് വെള്ളം വീണ് കുതിർന്ന വിറകിൽ തീ പിടിപ്പിക്കുന്നത് പോലെ ദുഷ്കരമാണ്. എങ്കിലും വെള്ളിതാലങ്ങളിൽ ഉരുളാനുള്ള യോഗ്യതയോടു കൂടിയാണ് ശിരസ് അഭിഷേകം ചെയ്യപ്പെട്ടതെന്ന് ഉറപ്പുള്ള ചെറു ഗണം അവശേഷിക്കുന്നത് ലോകത്തിന് മുഴുവൻ വലിയ പ്രതീക്ഷയുമാണ്.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com